**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1892      14.07.2011—ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലനിധിപദ്ധതി തുടർന്നും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിൻെറ വിശദാം— ശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 2011 മുതൽ ആരംഭിച്ച് 2016 —ൽ അവസാനിക്കുന്ന 'ജലനിധി' രണ്ടാം ഘട്ട പദ്ധതിക്ക് 1200 കോടി രൂപയുടെ അടങ്കലാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി ഏകദേശം 241 ഓളം പഞ്ചായത്തുകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. (പദ്ധതിയുടെ ആദ്യ ഘട്ടമായി കേരളത്തിലെ വിവിധ ജില്ലകളിലായി 30 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്) പദ്ധതിയുടെ അവസാനം ഉദ്ദേശം 20 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. രണ്ടാം ഘട്ട പദ്ധതിയുടെ അവസാനഘട്ട അവലോകന ചർച്ചകൾ ലോകബാങ്ക് പ്രതിനിധികളുമായി നടന്നു വരികയാണ്.<br>ആഗസ്റ്റ് —സെപ്റ്റംബർ മാസത്തോടുകൂടി ചർച്ചകൾ പൂർത്തിയായി പദ്ധതിയുടെ ലോകബാങ്കുമായുള്ള കരാർ ഒപ്പിടാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ജലനിധി പദ്ധതി നിലവിലുണ്ടായിരുന്ന മേഖലകളിലാണോ അതോ പുതിയ മേഖലകളിലാണോ പദ്ധതി നടപ്പിലാക്കുന്നതെന്നു വ്യക്തമാക്കാമോ; | (സി) | ജലനിധിയുടെ രണ്ടാം ഘട്ട പദ്ധതിയുടെ തുടക്കത്തിൽ (ഒന്നാം ബാച്ചിൽ) 14 ജില്ലകളിൽനിന്നുമായി 30 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജലനിധി ഒന്നാം ഘട്ട പഞ്ചായത്തുകളിൽ അപേക്ഷിച്ചിട്ടുണ്ടായിരുന്നവയും എന്നാൽ അന്ന് പദ്ധതിയിലുൾപ്പെടാതെ പോയതുമായ പഞ്ചായത്തുകളെയാണ് ഇതിനായി ലക്ഷ്യമിടുന്നത്. എന്നാൽ ജലനിധി രണ്ടാം ഘട്ടത്തിൻെറ തുടർന്നുള്ള ബാച്ചുകളിലെ പഞ്ചായത്തുകളെ ലോകബാങ്കുമായി ഉണ്ടാക്കുന്ന കരാറിൽ ഉൾപ്പെടുന്ന വ്യക്തമായ പുതിയ മാർഗ്ഗ നിർദേശ്ശങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും തെരഞ്ഞെടുക്കുക. അായതിൻെറ ചർച്ചകളും അവസാന ഘട്ടത്തിലാണ്. |
| (ഡി) | പ്രവർത്തനം നിലച്ചു പോയ ജലനിധി മുൻപദ്ധതികൾ പുനരുജ്ജീവിപ്പിച്ച് കുടിവെള്ളം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | ഈ കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ